# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2932 — 18.06.2018 -ൽ മറുപടിക്ക്

## തഴക്കര വില്ലേജ് ഓഫീസ്, വള്ളിക്കുന്നം മാതൃക വില്ലേജ് ആഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര താലൂക്കിലെ തഴക്കര വില്ലേജ് ഓഫീസ് കെട്ടിടം ശോചനീയാവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | തഴക്കര വില്ലേജാഫീസ് കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വള്ളിക്കുന്നം മാതൃകാ വില്ലേജ് ഓഫീസ് നിർമ്മാണം ആരംഭിക്കുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | വള്ളിക്കുന്നം വില്ലേജാഫീസ് 2017-18 വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പണികൾ ഇപ്പോൾ റൂഫ് ലെവൽ ആയിട്ടുള്ളതാണ്. വള്ളിക്കുന്നം വില്ലേജാഫീസ് സ്മാർട്ട് വില്ലേജാഫീസാക്കുന്നതിന് 40,00,000/- രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ